# കാശി - ഹിമാലയ ദേവഭൂമി പാക്കേജ് - 201....

**അലഹാബാദ് - കാശി - ഗയ- ബുദ്ധഗയ - ഡൽഹി - ഹരിദ്വാർ - വസിഷ്ടഗുഹ - ദേവ പ്രയാഗ് - ഗൗരികുണ്ട് - സ്വർണപ്രയാഗ് - ഗുപ്തകാശി - ശ്രീ കേദർനാഥ് - ജോഷിമത് - ശ്രീ ബദരീനാഥ് - വ്യാസ ഗുഹ - ഗണേഷ് ഗുഹ**

| യാത്രയുടെ കോഡ് നമ്പർ | യാത്രയ്ക്ക് ആവശ്യമായ ദിവസം | യാത്ര പുറപ്പെടുന്ന തീയ്യതികൾ | യാത്രയുടെ രീതി:<br><br>സമതലങ്ങളിൽ എ.സി വാഹനങ്ങളും, പർവ്വതങ്ങളിൽ എ.സി യില്ലാത്ത വാഹനങ്ങളും |
|---|---|---|---|
| **3 NH A** | **19 ദിവസം** | | |

| | | താമസം | ഭക്ഷണം |
|---|---|---|---|
| **1-ാം ദിവസം: ശനി** | കേരളത്തിൽ നിന്നും റെയിൽ വഴി അലഹാബാദിലേക്ക് യാത്ര.(ട്രെയിൽ 16359 ഇ.ആർ.എസ് പാറ്റ്ന എക്സ.) | ട്രെയിനിൽ | NIL |
| **2-ാം ദിവസം:** | ട്രെയിനിൽ യാത്ര തുടരുന്നു... | ട്രെയിനിൽ | NIL |
| **3-ാം ദിവസം:** | രാത്രി 2 മണിക്ക് അലഹാബാദിലെത്തിച്ചേരുന്നു. വിമാനത്തിൽ യാത്ര ചെയ്യുന്നവർ എത്തിച്ചേരേണ്ടത് തിങ്കളാഴ്ച്ച അലഹാബാദ് എയർപോർട്ടിലാണ്. | ട്രെയിനിൽ | NIL |
| **4-ാം ദിവസം:** | ത്രിവേണി(ഗംഗ, യമുന,സരസ്വതി സംഗമ സ്ഥലം), ഗംഗാ സ്നാനത്തിനു ശേഷം പിതൃപൂജകൾ നടത്തി അശോക കോട്ട ബഡാ ഹനുമാൻ ക്ഷേത്രം, ശങ്കരാചാര്യ ക്ഷേത്രം എന്നിവ ദർശിച്ച് ഭക്ഷണ ശേഷം അനന്തഭവൻ, ഭരദ്വാജ ആശ്രമം, അലഹാബാദ് ഹൈക്കോടതി, ഹനുമാൻ ക്ഷേത്രം എന്നിവ ദർശിച്ച് 124 കിലോ മീറ്റർ യാത്ര ചെയ്ത് രാത്രിയിൽ കാശിയിലെത്തി താമസം. | ഫ്രഷ് അപ്പ് അലഹാബാദ് രാത്രി കാശിയിൽ | BLD |
| **5-ാം ദിവസം:** | കാലത്ത് മണികർണികാ മഹാശ്മശാനത്തിലെത്തി ഗംഗാ സ്നാനം നടത്തി പിതൃ മോക്ഷ കർമ്മങ്ങൾ നടത്തി കാശി വിശ്വനാഥ ക്ഷേത്രവും, അന്ന പൂർണേശ്വരി ക്ഷേത്രവും ദർശിച്ച് ഉച്ച ഭക്ഷണ ശേഷം കാശിയിലെ കാഴ്ച്ചകളായ: കാശി മഹാരാജാ പാലസ്, (വ്യാസകാശി) ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ബിർലാ ക്ഷേത്രം, സങ്കടമോചന ഹനുമാൻക്ഷേത്രം, തുളസീ മാനസ മന്ദിരം ദുർഗ്ഗ ക്ഷേത്രം എന്നിവ ദർശിച്ച് വൈകുന്നേരം ബുദ്ധഗയയിലേക്ക് യാത്ര.രാത്രിയിൽ ബുദ്ധഗയയിൽ ഹോട്ടലിൽ താമസം. | ബുദ്ധഗയ | BLD |
| **6-ാം ദിവസം:** | ഗയ വിഷ്ണു പാദക്ഷേത്രത്തിൽ പിതൃ കർമ്മങ്ങൾ നടത്തി ഗയയിലെ ജപ്പാൻ തായ്ലാൻഡ് തിബത്ത് ബൂട്ടാൻ തുടങ്ങിയ രാജ്യങ്ങളാൽ നിർമ്മിക്കപ്പെട്ട ബുദ്ധക്ഷേത്രങ്ങളും, ബോധി വൃക്ഷം സ്ഥിതി ചെയ്യുന്ന പ്രധാന ബുദ്ധക്ഷേത്രവും ദർശിച്ച് രാത്രിയിൽ ബുദ്ധഗയയിൽ താമസം. | ബുദ്ധഗയ | BLD |

| | | | |
|---|---|---|---|
| 7-ാം ദിവസം: | ഉച്ചക്ക് 1 മണിക്ക് ഗയ റെയിൽവേസ്റ്റേഷനിൽ നിന്നും ഡൽഹിയിലേക്ക് മഹാബോധി എക്സ്പ്രസ് ട്രെയിൻ നമ്പർ11397 14.20 ന് യാത്ര. | ട്രെയിനിൽ | BL |
| 8-ാം ദിവസം: | ഡൽഹി റെയിൽവേസ്റ്റേഷനിൽ നിന്നും കാലത്ത് പിക്കപ് ചെയ്ത് പ്രാഥമിക കൃത്യങ്ങൾക്കായി ഹോട്ടൽ റൂമിലെത്തി പ്രഭാത കൃത്യങ്ങൾക്ക് ശേഷം ഹരിദ്വാറിലേക്ക് യാത്ര.(എളിയ തോതിലുള്ള എ.സി സൗകര്യമില്ലാത്ത ഫ്രഷ് അപ് സൗകര്യമായിരിക്കും ഒരുക്കുക.)രാത്രിയിൽ ഹരിദ്വാറിലെത്തി ഹോട്ടലിൽ താമസം( ശീതീകരിച്ച മുറികൾ). | ഹരിദ്വാർ | BLD |
| 9-ാം ദിവസം: | ഹരിദ്വാറിലെ മാനസ ദേവി ക്ഷേത്രം, ഭൂമികാ നികേതൻ, വൈഷ്ണവി ദേവി ക്ഷേത്രം, ഭാരത് മാതാ ക്ഷേത്രം, സപ്ത ഋഷി ആശ്രമം, ശാന്തികുഞ്ച് എന്നിവ ദർശിച്ച് രാത്രിയിൽ ഹരിദ്വാറിൽ ശീതീകരിച്ച മുറിയിൽ താമസം. | | |
| 10-ാം ദിവസം: | കാലത്ത് ഋഷികേശിലെത്തി ഋഷികേശിലെ കാഴ്ച്ചകളായ ലക്ഷ്മൺജുല പരമാർത്ഥ നികേതൻ , ഗീതാ മന്ദിർ, രാംജുല എന്നിവ ദർശിച്ചതിനുശേഷം വസിഷ്ട ഗുഹ ദേവപ്രയാഗ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് രാത്രിയിൽ ഗുപ്തകാശിയിലെത്തി ഹോട്ടലിൽ താമസം. | ഗുപ്തകാശി | BLD |
| 11-ാം ദിവസം: | കാലത്ത് ഗൗരീകുണ്ടിലെത്തി കേദാർനാഥിലേക്ക് 22 കിലോമീറ്റർ കാൽനടയാത്ര(കുതിരപ്പുറത്തോ, ട്രോളിയിലോ യാത്ര ചെയ്യേണ്ടവർക്ക് അതിനുള്ള സൗകര്യങ്ങൾ അവരവരുടെ ചിലവുകളിൽ ലഭ്യമാണ്).രാത്രിയിൽ കേദാർനാഥിൽ താമസം താൽക്കാലികമായി ഒരുക്കിയ ടെന്റുകളിൽ മാത്രം(ഹെലികോപ്റ്റർ വഴി കേദാർനാഥിലേക്ക് യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് കേദാർനാഥ് ദർശനം നടത്തി അന്നു തന്നെ തിരിച്ചെത്തുന്ന രീതിയിൽ ഹെലികോപ്റ്റർ സംവിധാനമുണ്ട് അതിനുള്ള ചിലവ് അവരവർ തന്നെ നൽകേണ്ടതാണ്). | കേദാർനാഥ് അല്ലെങ്കിൽ ഗുപ്തകാശി | BD |
| 12-ാം ദിവസം: | കേദാർനാഥ് ക്ഷേത്ര സന്ദർശനത്തിനുശേഷം മടക്കയാത്ര,രാത്രിയിൽ ഗുപ്തകാശിയിൽ താമസം. | ഗുപ്തകാശി | LD |
| 13-ാം ദിവസം: | കാലത്ത് ശ്രീ ബദരീനാഥിലേക്ക് യാത്ര. രാത്രിയിൽ ബദരീനാഥിലെത്തി താമസം. | ബദരീനാഥ് | BLD |
| 14-ാം ദിവസം: | ശ്രീ ബദരീനാഥ് ക്ഷേത്ര ദർശനത്തിനു ശേഷം മാനാ വില്ലേജ്, വ്യാസ ഗുഹ, ഗണേഷ് ഗുഹ , ഭീമാ പാല, സരസ്വതി നദിയുടെ ഉത്ഭവസ്ഥലം എന്നി ദർശിച്ച് രാത്രിയിൽ ബദരീനാഥിൽ താമസം.(ബദരീനാഥിൽ പിതൃകർമ്മങ്ങൾ നടത്തേണ്ടവർക്ക് കാലത്ത് സൗകര്യം ഒരുക്കുന്നതാണ്) | ബദരീനാഥ് | BLD |
| 15-ാം ദിവസം: | ജോഷിമഠിലേക്ക് യാത്ര. ആദിശങ്കരാചാര്യ മഠവും, ശങ്കരാചാര്യ തപസ്ഥലവും, കൽപ്പവൃക്ഷവും ദർശിച്ച് രുദ്ര പ്രയാഗിലേക്ക് യാത്ര തുടരുന്നു... രുദ്രപ്രയാഗിൽ സ്നാനം ചെയ്ത ശേഷം രാത്രിയിൽ രുദ്രപ്രയാഗിലോ അല്ലെങ്കിൽ ഗഢ്വാൾ ശ്രീനഗറിലോ താമസം. | രുദ്രപ്രയാഗ്/ ശ്രീനഗർ | BLD |

| | | | |
|---|---|---|---|
| **16-ാം ദിവസം:** | അതിരാവിലെ ഡൽഹിയിലേക്ക് യാത്ര.രാത്രിയിൽ ഡൽഹി ഹോട്ടലിൽ താമസം. | ഡൽഹി | BLD |
| **17-ാം ദിവസം:** | മടക്കയാത്രക്കായി റെയിൽവേസ്റ്റേഷനിലോ എയർപോർട്ടിലോ എത്തിക്കൽ. വിമാന യാത്രികർ അന്നേ ദിവസം തന്നെ കേരളത്തിൽ എത്തിച്ചേരുന്നു. | ട്രെയിൻ | B |
| **18-ാം ദിവസം:** | ട്രെയിൻ യാത്രികർ ട്രെയിനിൽ യാത്ര തുടരുന്നു.... | ട്രെയിൻ | NIL |
| **19-ാം ദിവസം:** | കേരളത്തിൽ തിരിച്ചെത്തുന്നു. യാത്ര അവസാനിക്കുന്നു. | NIL | NIL |

***B: പ്രഭാത ഭക്ഷണം., L: ഉച്ച ഭക്ഷണം. D: രാത്രി ഭക്ഷണം.**

**ഓപ്ഷൻ നമ്പർ 1: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 28000/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ചൂടുള്ള സ്ഥലങ്ങളിൽ ശീതീകരിച്ച വാഹനം, പർവ്വതങ്ങളിൽ ശീതീകരിക്കാത്ത വാഹനം,ശീതീകരിച്ച മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൽ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ, കുതിര, ഡോളി, എന്നിവയുടെ നിരക്കുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 2: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 26500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ചൂടുള്ള സ്ഥലങ്ങളിൽ ശീതീകരിച്ച വാഹനം, പർവ്വതങ്ങളിൽ ശീതീകരിക്കാത്ത വാഹനം,ശീതീകരിക്കാത്ത മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൽ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ, കുതിര, ഡോളി, എന്നിവയുടെ നിരക്കുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 3: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 24500**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ചൂടുള്ള സ്ഥലങ്ങളിൽ ശീതീകരിച്ച വാഹനം, പർവ്വതങ്ങളിൽ ശീതീകരിക്കാത്ത വാഹനം,ശീതീകരിക്കാത്ത ഡോർമെറ്ററി ഹാൾ താമസ സൗകര്യം. വെജിറ്റേറിയൽ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി,

എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ, കുതിര, ഡോളി, എന്നിവയുടെ നിരക്കുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ബുക്കിംഗ്:** യാത്രാ നിരക്കിന്റെ 5 % തുക മുൻകൂറായി അടച്ച് യാത്ര ബുക്ക് ചെയ്യാവുന്നതാണ്. ബാക്കി തുക യാത്ര പുറപ്പെടുന്നതിന് 15 ദിവസം മുമ്പ് അടച്ച് രസീതി വാങ്ങേണ്ടതാണ്. റെയിൽവേ ടിക്കറ്റുകൾ യാത്ര പുറപ്പെടുന്നതിന് 120 ദിവസം മുമ്പ് ബുക്ക് ചെയ്താലേ ലഭ്യമാകുകയുള്ളു. 6 മാസം മുമ്പ് ബുക്ക് ചെയ്യുന്ന വിമാന ടിക്കറ്റുകൾ നിരക്ക് കുറവായി ലഭ്യമാകുന്നതായിരിക്കും.

**യാത്ര റദ്ദാക്കൽ:** യാത്ര തുടങ്ങുന്നതിന് 30 ദിവസം മുമ്പുള്ള റദ്ദാക്കലിന് അഡ്വാൻസ് തുകയുടെ 50 % കഴിച്ച് ബാക്കി തിരിച്ചു ലഭിക്കുന്നതായിരിക്കും. അതിനു ശേഷമുള്ള റദ്ദാക്കലിന് യാതൊരു വിധ റിഫണ്ടും ലഭിക്കുന്നതല്ല.

* ഹിമാലയ യാത്രയിൽ തണുപ്പിന് ഇടുന്നതിനുള്ള രോമ നിർമ്മിതമായ സ്വെറ്റർ, സോക്സ് , രോമ നിർമ്മിത തൊപ്പി കയ്യുറകൾ കാലുറകൾ എന്നിവ കരുതേണ്ടതാണ്.

* യാത്രികർ അവരവരുടെ ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ കാർഡുകൾ കൈവശം വെക്കേണ്ടതാണ്.

* റോഡ് തടസം, മാർഗ്ഗങ്ങൾ തിരിച്ചുവിടൽ, ട്രെയിൻ- വിമാനം തുടങ്ങിയവയുടെ താമസിച്ചുള്ള വരവ് , സമരങ്ങൾ പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങളാൽ യാത്രക്ക് തടസങ്ങൾ നേരിടുകയാണെങ്കിൽ യാത്രക്കായി അടച്ച തുക തിരിച്ചു ലഭിക്കുകയില്ല.

* കമ്പനി ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**Our Account Details:**

PAYEE NAME: VIVEKANANDA TRAVELS PLTD
BANK NAME : ICICI BANK
A/C NO : 075505000205
BRANCH : GURUVAYOOR , WEST NADA
IFC CODE :ICIC 0000755
SWIFT CODE: ICICINBBXXX

---


VIVEKANANDA TRAVELS (P) LTD

BEST TOUR OPERATOR AWARD WINNERS
ALL INDIA PILGRIM& PICNIC TOUR OPERATORS
Recognized & Approved by Govt. of India Ministry of Tourism
Sreekanteswara Complex, Kozhikode ,Kerala– 673 001
Ph: 0495-2727100, 2727800, 2722350 .
Tour Section: *9846098080* ***E-mail:*** *calicut@vivekanandatravelspltd.com*, *narendran@gmail.com*
***Web*** *: www.vivekanandatravelspltd.com*


## അലഹബാദ് അഥവാ പ്രയാഗ്

*മഹാത്മാക്കളുടെ ജന്മസ്ഥലങ്ങൾ, ഋഷീശ്വരൻമാരുടെ പാദസപർശമേറ്റ ഇടങ്ങൾ നദികളുടെ ഉത്ഭവസ്ഥാനങ്ങൾ സംഗമസ്ഥലങ്ങൾ തുടങ്ങിയവയാണ് തീർത്ഥാടനകേന്ദ്രങ്ങളായി മാറുന്നത് , തീർത്ഥം എന്ന വാക്ക് തന്നെ ജലത്തെ*

സൂചിപ്പിക്കുന്നു. പ്രപഞ്ചാധാരം തന്നെ ജലത്തോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന ഉന്നതമായ കാഴ്ചപാടാണ് അതിനുപിന്നിൽ .

ഭാരതഖണ്ഡത്തിലെ പ്രധാന തീർത്ഥാടന സ്ഥലികളിലൊന്നാണ് അലഹബാദ് , ബ്രിട്ടീഷ് ഭരണകാലത്ത് അലഹബാദെന്നും മുഗൾ സാമ്രാജ്യ കാലത്ത് ഇലാഹീബാദെന്നും വിളിച്ചിരുന്ന ഈ ദേശം സനാതന ഭാരതത്തിൽ പ്രയാഗ് എന്നും അറിയപ്പെടുന്നു. കാശി, ഗയ,തുടങ്ങിയവയാണ് ത്രസ്ഥലികളിലെ മറ്റിടങ്ങൾ.

മഹാ കുംഭമേളക്ക് സാക്ഷ്യം വഹിക്കുന്ന പുണ്യഭൂമിയാണ് അലഹബാദ് . ഗംഗയും , യമുനയും സരസ്വതിയും സംഗമിക്കുന്ന ത്രിവേണി സംഗമ പ്രയാഗിനെ പ്രസിദ്ധമാക്കുന്നു സഞ്ചാരവഴിയിലെവിടെയോ അന്തർധാനം ചെയ്ത സരസ്വതി നദി ഭൂമിക്കടിയിലൂടെ രക്തവർണ്ണത്തിൽ അലഹബാദിലാണ് പ്രത്യക്ഷമാവുക .ഗംഗയിലെ മാലേയസദൃശ്യമായ ജലവും യമുനയിലെ നീല ജലവും സരസ്വതിയിലെ രക്തവർണ്ണമാർന്ന ജലവും ഇവിടെ വച്ച് കൂടിചേർന്ന് കാശിവിശ്വനാഥ പാദങ്ങളിലേക്കാഴുക്കുന്നു.ഇവിടെ ബലികർമ്മങ്ങളനുഷ്ടിക്കന്നത് പിതൃ മോക്ഷദായകമാണ്.

സപ്തർഷികളിലൊരാളായ ഭരധ്വാജ ഋഷിയുടെ ആശ്രമം ഇവിടെയാണ്. ഏറ്റവും കൂടുതൽ കാലം ജീവിച്ച ഋഷിയാണ് ഭരധ്വാജമഹർഷി.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഗതിവിഗതികൾ നിയന്ത്രിച്ച സ്ഥലം കൂടിയാണ് അലഹബാദ്. മഹാത്മാഗാന്ധി ഒരുപാട് തവണ അലഹബാദ് സന്ദർശിച്ചിട്ടുണ്ട് . ജവഹരിലാൽ നെഹ്റുവിന്റെ പിതാവ് മോത്തിലാൽ നെഹ്റു നിർമ്മിച്ച ആനന്ദഭവൻ ഇവിടെയാണ്, ആനന്ദഭവനിലാണ് ഭാരതത്തിന്റെ പ്രഥമപ്രധാനമന്ത്രി ജവഹർലാൽ ജനിച്ചതും , ശ്രീമതി ഇന്ദിരാഗാന്ധി വിവാഹിതയായതും. ആനന്ദഭവനിലെ മ്യൂസിയം ചരിത്രത്തിലേക്കുള്ള പ്രയാണം കൂടിയാണ്. തൊട്ടടുത്തായി ശ്രീമതി ഇന്ദിരാഗാന്ധി ജനിച്ച സ്വരാജ് ഭവനും ഉണ്ട്.

ഭാരതത്തിലെ പ്രധാന പല വിധികളും പുറപ്പെടുവിച്ചത് അലഹബാദ് ഹൈകോടതിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ജ്വലിക്കുന്ന ഇതിഹാസം ചന്ദ്രശേഖർ ആസാദിന്റെ സമൃതി മണ്ഡപം ഇവിടെയാണ് അലഹബാദെന്ന പ്രയാഗ് യാത്രികരിൽ തീർത്ഥാടനത്തിന്റെ സുഖാനുഭൂതിയും ,ദേശസ്നേഹത്തിന്റെ തീവ്രാനുഭൂതിയും ഒരുപോലെ നിറക്കും

## കാശി ....അഥവാ (വാരാണസി/ ബനാറസ്).

പുരാതനമായ എടുപ്പുകളും പഴമ മണക്കുന്ന ഇടനാഴികളുമുള്ള കാശി!! സപ്തനഗരങ്ങളിലൊന്നായ കാശിശൈവ ചൈതന്യം തുടിക്കുന്ന പുണ്യസ്ഥലി യാണ്. മോക്ഷദായക നഗരമായ കാശിയിൽ വച്ച് ഭൗതിക ദേഹം വെടിയുന്നവർക്ക് സ്വർലോകം എന്നും പ്രാപ്യമാണ്. സർവ്വ പാപഹാരിയായ ഗംഗാ തീരത്താണ് ഭഗ വാൻ വിശ്വനാഥൻ സർവ്വ ചൈതന്യത്തോടും കൂടി കുടികൊള്ളുന്ന കാശി വിശ്വ നാഥക്ഷേത്രം. വരുണ എന്ന നദിയും അസി എന്ന നദിയും കാശിയിൽ വച്ചാണ് ഗംഗയോട് ചേരുന്നത്. അങ്ങനെയാണ് ഈ പുണ്യനഗരത്തിന് വാരാണസി എന്ന പേര് സിദ്ധിച്ചത് എന്ന് സ്ഥലനാമചരിതം. കാശാ എന്ന ശിവഭക്തന്മാരായ ആദിമ നിവാസികൾ ഇവിടെ വസിച്ചിരുന്നു എന്നും കാശകൾ വസിച്ചിരുന്ന ഇടമായത് കൊണ്ട് ഈ ഇടത്തിന് കാശി എന്ന പേർ ലഭിച്ചു എന്നും ചില ഗവേഷകർ അഭിപ്രാ യപ്പെടുന്നുണ്ട്.

സ്ഥലനാമ ചരിതങ്ങൾ എന്തുതന്നെയായാലും കാശി ഒരനുഭവമാണ് ! അല്ല അതിനപ്പുറം ഒരനുഭൂതിയാണ്. ഗംഗയിലെ കല്ലോലങ്ങൾ വിടർന്ന മിഴിയോടെ കണ്ടുകൊണ്ടിരിക്കുമ്പോൾ,ജയ് ഗംഗാമാ വിളികൾ മന്ത്രശ്രുതിയിൽ കാതുകളിൽ വന്നലയ്ക്കുമ്പോൾ,ധൂപങ്ങളുടെ പരിമളം നാസാരന്ധ്രങ്ങളെ ഒരു പൂക്കാല സുഗ ന്ധത്തിലേക്ക് നയിക്കുമ്പോൾ,തണുത്ത കാറ്റ് പതിയെ നമ്മെ തൊട്ടുവിളിക്കു

മ്പോൾ,നാമറിയാതെ ഏതോ അലൗകികമായ ആത്മശാന്തിയുടെ കയങ്ങളിലേക്ക് എത്തിപ്പെടുന്നു,

കാശിയുടെ പരിസരങ്ങളിലുള്ള ശ്മശാനങ്ങളിൽ ഭൗതിക ദേഹം അഗ്നിക്ക് സമർപ്പിക്കുന്നത് മഹാ പുണ്യമത്രേ. സത്യത്തിന്റെ ആൾ രൂപമായിരുന്ന രാജാഹരിശ്ചന്ദ്രൻ ചുടല കാവൽ ക്കാരനായി ഗംഗാ തീരത്തെ ഒരു ശ്മശാനത്തിൽ ജോലി ചെയ്തിട്ടുണ്ട്. ഇന്നത് ഹരിശ്ചന്ദ്രഘട്ട് എന്ന് അറിയപ്പെടുന്നു. കാശിയുടെ പരിസരത്തായി 64 സ്നാന ഘട്ടുകളുണ്ട് - മഹാശ്മശാനമെന്നറിയപ്പെടുന്ന മണികർണ്ണികാ ഘട്ടും ബ്രഹ്മാവ് പത്ത് അശ്വങ്ങളെ ബലി കർമ്മം നടത്തിയ ദശാശ്വമേധ ഘട്ടും ഇവിടെയാണ്. ദശ അശ്വ മേധ ഘട്ടാണ് ദശാശ്വമേധ ഘട്ടായി പരിണമിച്ചത്. ഉത്തർപ്രദേശ് സംസ്ഥാനത്തെ ഈ പുണ്യനഗരം ഭാരതത്തിലെ ഏറ്റവും പുരാതനമായ നഗരങ്ങളിലൊന്നാണ്. ഋക് വേദത്തിൽ കാശീ നഗരത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്.

കാശി വിശ്വനാഥക്ഷേത്രത്തിനു സമീപമുള്ള കിണറാണ് ജ്ഞാനവ്യാപി ,ഇതിനുള്ളിലാണത്രേ യഥാർത്ഥ ശിവലിംഗം കുടി കൊള്ളുന്നത്.

വാക്കുകൾക്ക് അപ്രാപ്യമായ ചില കാര്യങ്ങളുണ്ട് അക്ഷരങ്ങളുടെ വിവരണ പരിമിതിയിൽ ഒതുങ്ങാത്തവ, അനുഭവിച്ച് തന്നെ അറിയേണ്ട ചില അനുഭൂതികൾ, അതിലൊന്നാണ് കാശി !!

പ്രിയപ്പെട്ട യാത്രികരെ,ജ്ഞാന തൃഷ്ണയോടെ വരിക, കാശിയിലേക്ക്,അറിയുക, അനുഭവിക്കുക, സഹസ്രജിഹ്വനായ അനന്ദനുപോലും വിവരിച്ച് തരുവാനാകാത്ത ആ അഭൗമാനുഭവത്തെ, സച്ചിദാനന്ദത്തെ.

## ഗയ , ബുദ്ധഗയ ( ബീഹാർ)

വളരെ മുൻപ് .. കൃത്യമായി പറഞ്ഞാൽ ക്രിസ്തുവിനും അഞ്ച് നൂറ്റാണ്ട് മുൻപ് ശുദ്ദോധന മഹാരാജാവിന്റെ പുത്രൻ നക്ഷത്രാംഗിതമായ ഒരു രാത്രിയിൽ കൊട്ടാരത്തിലെ ഹംസതൂലികാശയ്യയും സുഖഭോഗങ്ങളും വിട്ട് ഇറങ്ങിപ്പോയി, പാദുക രഹിതനായ ആ രാജകുമാരൻ മനുഷ്യജീവിത ദു:ഖ ഹേതു അന്വേഷിച്ച് ഒരു പാടലഞ്ഞു ,ഒടുവിൽ ഇന്നത്തെ ബീഹാർ എന്ന അന്നത്തെ പാടലീപുത്രത്തിലെ ഗയ എന്ന കൊച്ചു ഗ്രാമത്തിലെ ആൽച്ചുവട്ടിൽ ധ്യാനിച്ചിരിക്കെ സിദ്ധാർത്ഥകുമാരന്റെ സഹസ്രാരപത്മത്തിൽ അതിബോധത്തിന്റെ ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ചു.

അങ്ങനെ അതുവരെ സിദ്ധാർത്ഥനായിരുന്ന ആ യുവ ആത്മാന്വേഷി ആ ആൽച്ചുവട്ടിൽ വച്ച് ലോകാരാധ്യനായ ബുദ്ധനായി ,ഗൗതമ ബുദ്ധൻ . ബുദ്ധന് ബോധോദയമുണ്ടായ ആൽമരം ബോധഗയ എന്ന ബുദ്ധഗയയിൽ ഇപ്പോഴുമുണ്ട് . ലോകത്തിന്റെ വിവധ ഇടങ്ങളിൽ മഹാബോധി വൃക്ഷത്തിന്റെ തൈകൾ ഭക്തിപൂർവ്വം പരിപാലിക്കപ്പെടുന്നുണ്ട് .ജപ്പാൻ-ചൈന-തിബത്ത്-തായ്ലണ്ട്- മുതലായ രാജ്യങ്ങൾ നിർമ്മിച്ച ബുദ്ധസ്മൃതി ക്ഷേത്രങ്ങളും,ബുദ്ധദേവന്റെ കൂറ്റൻ ശില്പവുമൊക്കയാണ് ബുദ്ധഗയയിലെ പ്രധാന ആകർഷനണം, ശരണത്രയങ്ങൾ മുഴങ്ങി കേട്ടിരുന്ന ഈ തെരുവുകളിൽ കൂടി നടക്കുമ്പോൾ നമ്മിലുദയം ചെയ്യുക ശാന്തിയാണ്, അഭൗമമായ ശാന്തി.

ബുദ്ധഗയയിൽ നിന്നും പതിനഞ്ച് കിലോമീറ്റർ അകലെയാണ് ശ്രാദ്ധകർമ്മങ്ങൾക്ക് പേര് കേട്ട ഗയ എന്ന കൊച്ചു ഗ്രാമം . പിതൃകർമ്മങ്ങൾക്ക് പേരുകേട്ട വിഷ്ണുപാദക്ഷേത്രം ഗയയിലാണ് ജല ശൂന്യമായ ഫൽഗുനി നദിക്കരയിലാണ് ക്ഷേത്രം.

ത്രേതായുഗത്തിൽ ശ്രീരാമചന്ദ്രനോടൊപ്പം ഇവിടെയെത്തിയ സീതാദേവി അന്ന് നിറഞ്ഞൊഴുകിയിരുന്ന ഫൽഗുനി നദിക്കരയിൽ തന്റെ പിതാവിനായി ബലികർമ്മം അനുഷ്ടിച്ചു ,അരിയും എള്ളും പൂവും ചേർത്തുരുട്ടിയ പിണ്ഡം സമർപ്പിച്ച് മിഴിയടച്ച് പ്രാർത്ഥിച്ച സീതാദേവി കൺതുറന്നു നോക്കിയപ്പോൾ താൻ പിതൃമോക്ഷത്തിന് സമർപ്പിച്ച പിണ്ഡം അപ്രത്യക്ഷമായിരുന്നു. വെള്ളി ചിലമ്പിട്ട് തുള്ളിയോടുന്ന ഫാൽഗുനി നദിയുടെ കുസൃതിയാണിതെന്ന് തിരിച്ചറിഞ്ഞ വൈദേഹിയുടെ ശാപകാരണമാണ് ഫാൽഗുനി നദി വറ്റിയത് എന്നാണ് വിശ്വാസം .

ഗയാസുരനെ മഹാവിഷ്ണു പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തിയ ഇടം കൂടിയാണ് ഗയ. ഗയാസുരന്റെ വംശാവലി ഇപ്പോഴും ഗയയിലുണ്ട് അവരാണ് ശ്രാദ്ധകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുക, ശ്രാദ്ധാനന്തരം ഒരിലയും ഒരു പഴവും ഒരു പുഷ്പവും അവിടെ ഭക്തർ ഉപേക്ഷിക്കുന്നു മനുഷ്യ തമോഗുണങ്ങളായ കാമ ക്രോധ മോക്ഷങ്ങൾ പ്രതീകാത്മതമായി ഉപേക്ഷിക്കുകയാണ് ആ ചടങ്ങ്... വരിക... ഇനിയും കാഴ്ചകൾ കാണാനുണ്ട് ....

## ഹരിദ്വാർ അഥവാ സ്വർഗ്ഗവാതിൽ

ദേവഭൂമിയിലേക്കുള്ള കവാടമാണ് ഹരിദ്വാർ. ദില്ലിയിൽ നിന്നും എൻ.എച്ച്. 58 വഴി 211 കിലോമീറ്റർ അകലെയാണ് 'പണ്ടുയുഗങ്ങളെ നിർമ്മിച്ചുയർത്തുവാൻ ഇന്ത്യ പശിമണ്ണെടുത്ത പാർശ്വങ്ങളിലേക്ക് തുറക്കുന്ന ഹരിദ്വാറെന്ന കവാടത്തിലേക്കുള്ള ദൂരം, ഹിമാലയ സാനുക്കളിലുള്ള യമുനോദ്രി, ഗംഗോത്രി, ശ്രീ കേദാർനാഥ്, ശ്രീ ബദരീനാഥ് യാത്ര പോകും മുമ്പ് തീർത്ഥാടകർ ഹരിദ്വാറിലെ ഹർ-കി-പൗരിയിലെ ഭാഗീരഥിയിലൊന്നു മുങ്ങി നിവരുന്നു. ഹരിദ്വാറിലെ ഗംഗാ സ്നാനത്തിന്റെ സുഖ വിശുദ്ധി അക്ഷര പരിധികൾക്ക് അപ്രാപ്യമാണ്. ആ ദിവ്യാനുഭൂതി വിവരിച്ചു തരുവാൻ മഹാകവി കാളിദാസനുപോലും കഴിയാതിടത്ത് ഞങ്ങളും നിസഹായരാണ്.

ശൈവാലിക പർവ്വതത്തിന്റെ അടിവാരത്തിൽ ഭഗീരഥ പ്രയത്നത്താൽ മണ്ണിലൊഴുകിയ ഗംഗാ നദിക്കരയിലാണ് ഹരിദ്വാർ. മായാപുരി, ഗംഗാദ്വാർ എന്നും ഹരിദ്വാറിന് പേരുകളുണ്ട്, കപിൽസ്ഥാൻ എന്ന് മറ്റൊരു പേരുകൂടിയുണ്ട്, ഈ ശൈവ വൈഷ്ണവ ചൈതന്യം നിറഞ്ഞ ഇടത്തിന് പണ്ട് കപിലമുനി തപസ് ചെയ്ത സ്ഥലമായതുകൊണ്ടാണ് കപിൽസ്ഥാൻ എന്ന് ഹരിദ്വാറിന് നാമം സിദ്ധിച്ചത്.

വിവരാണാതീതമായ ആത്മീയ ദീപ്തിയാണ് ഹരിദ്വാറിന്. പാണ്ഡവരിൽ ഏറ്റവും ശക്തനായ ഭീമസേനൻ കാൽമുട്ട് കൊണ്ടിടിച്ച് ജലം പ്രത്യക്ഷമാക്കിയ ഭീംഗോഡകുണ്ഠം സപ്തർഷി ആശ്രമവും ഗംഗ ഏഴുകൈവരിയായി പിരിഞ്ഞ സപ്തസരോവരുമെല്ലാം നമ്മെ മറ്റൊരു ലോകത്തിലേക്കെത്തിക്കുന്നു. പ്രശസ്തമായ പൂർണ്ണ കുംഭമേളക്ക് സാക്ഷ്യം വഹിക്കുന്ന പുണ്യ പ്രദേശം കൂടിയാണ് ഹരിദ്വാർ. സപ്ത ഋഷി നക്ഷത്രങ്ങൾ ഇവിടെ നിന്നും ആകാശത്തിൽ വ്യക്തമായി കാണാവുന്നതാണ്

ഞാൻ എന്ന ബോധത്തിൽ നിന്നും മുക്തരായ ഒരുപാട് സന്യാസിമാർ ഹരിദ്വാറിലും പരിസരങ്ങളിലും വസിക്കുന്നുണ്ട്. ആത്മീയാന്വേഷികളായ ആ യോഗിവര്യന്മാരുടെ ദർശനം പോലും നമ്മുടെ യാത്രയെ പവിത്രീകരിക്കുന്നു.

ഹരിദ്വാറിൽ നിന്നും ആറുകിലോമീറ്റർ അകലെ നീൽ പർവ്വതത്തിലാണ് ചന്ദ്യ ദേവീക്ഷേത്രം റോപ്‌വേയിലൂടെയുള്ള അവിസ്മരണീയ യാത്ര നിങ്ങളെ അവിടെ കാത്തിരിക്കുന്നു.

ചന്ദീ ദേവീക്ഷേത്രത്തിനടുത്താണ് അഞ്ജലീ ദേവീ ക്ഷേത്രം. റയിൽവെ സ്റ്റേഷനിൽ നിന്ന് അര കിലോമീറ്റർ അകലെയുള്ള ത്രിശിരസുള്ള ദുർഗ്ഗാഭഗവതിയെ പ്രതിഷ്ഠിച്ച മാനസാദേവീക്ഷേത്രവും ആറുനിലകളുള്ള ഭാരത് മാതാ ക്ഷേത്രവും ഹരിദ്വാറിൽ ഭക്തി പൂർണ്ണമായ കാഴ്ചകളുടെ പൂക്കാലം സഞ്ചാരിക്ക് സമ്മാനിക്കുന്നു.

ഗാവ്ഘട്ട്, സുഭാഷ് ഘട്ട്, രാം ഘട്ട്, ഗണേഷ് ഘട്ട് , മഹാവിഷ്ണു തപം ചെയ്ത വിഷ്ണു ഘട്ട് മുതലായ സ്നാന ഘട്ടുകളും ഹരിദ്വാറിലുണ്ട്. വിവിധ തരത്തിലുള്ള രുദ്രാക്ഷങ്ങൾ ഹരിദ്വാറിൽ ലഭ്യമാണ്. പ്രിയ തീർത്ഥാടകരെ ഹരിദ്വാറിനോട് യാത്ര പറയുമ്പോൾ നിങ്ങളുടെ ആത്മാവും അണിഞ്ഞിരിക്കും ഭക്തി നിർവൃതിയുടെ ഒരു രുദ്രാക്ഷമാല......

## ഹൃഷികേശ്

ഒരു വശത്ത് ഗംഗാനദിയും മൂന്നു വശത്ത് മനോഹരമായ മലനിരകളും ചേർത്ത് പ്രകൃതീദേവി നിർമ്മിച്ച പ്രോജ്വല ശില്പം പോലെ ഹൃഷികേശ്. നമ്മുടെ കണ്ണുകൾ ഒന്നു ചിമ്മാൻ പോലും തോന്നാത്ത അഭൗമ സൗന്ദര്യ ലഹരിയാണ് ഹൃഷികേശ്.

ഗംഗാതീരത്തുള്ള ഈ സുന്ദരദേശത്തിലെത്താൻ ഹരിദ്വാറിൽ നിന്നും ഇരുപത്തി അഞ്ച് കിലോമീറ്ററും ഡൽഹിയിൽ നിന്ന് 232 കിലോമീറ്ററും സഞ്ചരിച്ചാൽ മതിയാവും .ഋഷീശ്വരന്മാരുടെ സിരകേന്ദ്രമായ ഹൃഷികേശിനെ എല്ലാം ജഗത് പിതാവിലർപ്പിച്ച് മറ്റുള്ളവർക്ക് നന്മവരുവാൻ സ്വന്തം ഐഹിക സുഖങ്ങളുപേക്ഷിച്ച് തപം ചെയ്യുന്ന ഋഷിവര്യന്മാരുടെ സാന്നിധ്യം കൂടുതൽ പവിത്രമാക്കുന്നു. ഹിമാവാന്റെ കല്പാദത്തിൽ സ്ഥിതിചെയ്യുന്ന ഈ പുണ്യപ്രദേശം കാണാതെ ഒരു തീർത്ഥാടക ജന്മം സഫലമാവുകയെങ്ങനെ?

ശ്രീരാമചന്ദ്രനോടും അനുജൻ ലക്ഷ്മണനോടും ഏറെ ബന്ധപ്പെട്ട പ്രദേശമാണിതെന്ന് സമീപപ്രദേശങ്ങളായ രാംജ്ജൂല,ലക്ഷ്മൺജ്ജൂല എന്നിവ സാക്ഷ്യപ്പെടുത്തുന്നു. ശ്രീരാമന് അവകാശമായ രാജ്യം സ്വീകരിക്കേണ്ടി വന്നതിൽ മനംനൊന്ത് ഭരതൻ തപം ചെയ്തത് ഹൃഷികേശിലാണ്. ഇവിടത്തെ ഭരതക്ഷേത്രത്തിൽ തൊഴുതുനിൽക്കുമ്പോൾ നിസ്സഹായനായ ഒരനുജന്റെ നൊമ്പരത്തിന്റെ ആഴം നമ്മളറിയുന്നു. ഭരതക്ഷേത്രത്തിനു പുറമെ ലക്ഷ്മണനും ശത്രുഘ്നനും ഇവിടെ ക്ഷേത്രങ്ങളുണ്ട്, ശ്രീരാമ സ്നാനത്താൽ പവിത്രമായ ഋഷികുണ്ഡവവും മറ്റെങ്ങുമല്ല. ഭൈരവ ക്ഷേത്രം, വീരഭദ്ര ക്ഷേത്രം, പതാളേശ്വര ക്ഷേത്രം, സോമേശ്വര ക്ഷേത്രം, കാളീ ക്ഷേത്രം, ചിത്രഗുപ്ത ക്ഷേത്രം, മഹേശാനി ഭുവനേശ്വര ക്ഷേത്രം, മുതലായ പുണ്യാലയങ്ങളും ഹൃഷികേശെന്ന ദേവഭൂമിയിലുണ്ട്. ലക്ഷ്മണൻ ജ്ജൂലയിൽ നിന്നുള്ള ഹൃഷികേശിന്റെ ഒരു കാഴ്ചമതി ജീവിതാവസാനം വരെ നമുക്ക് ഒരു ഹിമകാറ്റിന്റെ കുളിരുപോലെ ഓർത്തുവെക്കാൻ.

## ദേവപ്രയാഗ്

ഇരു ഭാഗത്തുനിന്നും ആരവങ്ങളോടെ ഒഴുകി എത്തുന്ന ഭാഗീരഥിയും അളകനന്ദയും ഒന്നായി ചേർന്ന് ഗംഗയായൊഴുകുന്ന മനോഹരവും ദിവ്യമായ അനുഭവത്തിന് സാക്ഷ്യം വഹിക്കണമെങ്കിൽ ദേവപ്രയാഗിലേക്ക് വരിക.

*ഗംഗ..........*

*ശിവന്റെ തിരുജടയിൽ നിന്നും ഭൂമിയിലേക്കൊഴുകുന്ന പുണ്യ നദി....*

*ഗിരിമണ്ഡല ഗാമിനിയും സാഗരാത്മജ താരികയും ശംഖ-ദുന്ദുഭി-നിസ്വനയും സിന്ധുഗാമിനിയുമായ സാക്ഷാൽ ഗംഗ...*

ത്രിവേണീ സംഗമം കഴിഞ്ഞാൽ പിതൃ മോക്ഷകർമ്മത്തിന് ഏറ്റവും ഉചിതം ദേവപ്രയാഗാണ്....

സപ്തസിന്ധുക്കൾ വസിക്കുന്ന ദേവപ്രയാഗ് നമ്മെ നയിക്കുന്നത് അഭൗമമായ ആത്മശാന്തിയിലേക്കാണ്. രഖുനാഥ ക്ഷേത്രമാണ് ദേവപ്രയാഗിലെ പ്രദാന ആരാധനാലയം.... 80 അടി ഉയരമുള്ള ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ ശ്രീ മഹാവിഷ്ണുവാണ്,

പാൽക്കടൽ വാസിയും, ശംഖ ചക്ര ഗദാ പത്മധാരിയുമായ ലക്ഷ്മീകാന്തനു മുന്നിൽ പ്രണമിച്ചു നിൽക്കേ, നമ്മുടെ കരളകത്തെ ശോകം ഗംഗയിൽ വിലയം ചെയ്യുന്നു.

ഒടുവിൽ...നമുക്കായി ജീവിച്ചു മരിച്ചവരുടെ ആത്മശാന്തിക്കായി,

പിതൃകർമ്മം....

കൈ കുടന്നയിൽ ജലമെടുത്ത് ദേവ പ്രയാഗിന്റെ പുണ്യഭൂമിയിൽ വച്ച്,

പിതൃക്കളെ ഉള്ളാലെ ധ്യാനിച്ച് സകത പുണ്യ നദികളേയും കൈക്കുമ്പിളിലെ ഇത്തിരി ജലത്തിലേക്ക്

നമുക്കാവാഹിക്കാം..

"ഗംഗേ ചാ യമുനേ ചൈവ

ഗോദാവരീ സരസ്വതീ

നർമ്മദേ സിന്ധു കാവേരി

ജലേത്മിൻ സന്നിധിം കുരു"

രുദ്രപ്രയാഗ്

രണ്ടു സുന്ദരികൾ.......
ഒരാൾ പൊട്ടിച്ചിരിച്ച് ഓടി വരുന്ന കുസൃതിക്കാരി,
മറ്റൊരാൾ പക്വതയോടെ , എന്നാൽ ഒരു കള്ളച്ചിരി നുണക്കുഴി കവിളിലൊളിപ്പിച്ച പാവം നാണം കുണുങ്ങി. അവരിവിടെ തമ്മിൽ ചേരുന്നു,
മന്ദാകിനിയും അളകനന്ദയും,
ദേവ ഭൂമിയിലെ കേവല മർത്യർക്ക് അന്യമായ കാഴ്ചകൾ മണ്ണും മനവും നിറച്ചു കണ്ട പുണ്യ നദികൾ.
കേദാർനാഥിൽ നിന്നും ഉത്ഭവിക്കുന്ന മന്ദാകിനിയും ബദരീനാഥിനടുത്തുള്ള അളകാപുരി തടാകത്തിൽ നിന്നും ഉത്ഭവിക്കുന്ന അളകനന്ദയും സംഗമിക്കുന്ന ഈ പുണ്യഭൂമിക്ക് രുദ്രപ്രയാഗ് എന്നു പേര്..
നദികൾ പാറയിൽ തട്ടിയൊഴുകുമ്പോൾ നാദ താള ലയങ്ങൾ ഇവിടെ നിറയുന്നു.
നമഃശിവായ ജപിച്ചെത്തുന്ന കാറ്റിൽ ഡമരിന്റെ നേരിയ താളം കേൾക്കുന്നുണ്ടോ?
ഇത് ശൈവഭൂമിയാണ് ....
നർത്തകനും സംഗീതജ്ഞനും താളജ്ഞനുമായ രുദ്രന്റെ ഭൂമി........
ത്രിലോക സഞ്ചാരിയായ നാരദൻ തന്റെ സംഗീത പൂർണതയ്ക്കുവേണ്ടി ഇവിടെയാണ് തപസ് ചെയ്തത്.
ഒടുവിൽ ശിവൻ രുദ്രാവതാരമെടുത്ത് നാരദന് പ്രത്യക്ഷനാകുകയും വീണ സമ്മാനിക്കുകയും ചെയ്തത് ഇവിടെ വച്ചാണ്..............
ഈ ശാദ്വല ഭൂവിൽ വച്ച്......
രുദ്രപ്രയാഗിൽ ശാന്തി മാത്രമേയുള്ളു.....
ശിവമയമായ ശാന്തി.....................
അളകനന്ദാ മന്ദാകിനീ സംഗമത്തിന്റെ തംബുരു നാദം നൽകുന്ന ശാന്തി...
രുദ്ര മന്ത്രം ജപിച്ചെത്തുന്ന കുളിർ തെന്നൽ നൽകുന്ന ശാന്തി.
സർവ്വം ശിവമയം എന്ന് അന്തരാത്മാവ് മന്ത്രിച്ചു പോകുന്ന് ശാന്തി:
ഈ ശാന്തി തീരം തേടി മറ്റൊരാൾ ഇവിടെ വന്നിട്ടുണ്ട്...........
പ്രപഞ്ചത്തിന്റെ ചൈതന്യം മുഴുവൻ മിഴികളിലേക്കാവഹിച്ച ഒരു ഭാരത പുത്രൻ,
അഗ്നി വർണ്ണമാർന്ന നീളൻ കുപ്പായവും ആകാശത്തോളം ഉയർന്ന ശിരസും ,
ഉറച്ച കാൽവെപ്പുകളുമായി
ഒരു കർമ്മയോഗി..............
സ്വാമി വിവേകാനന്ദൻ....
അദ്ദേഹം ഇവിടെ ഒരുപാട് നേരം ധ്യാന നിമഗ്നനായിരുന്നിട്ടുണ്ട് ....

ധ്യാനശേഷം അദ്ദേഹം പറഞ്ഞുവത്രേ
"എനിക്ക് ശിവനെ തൊടാനാവുന്നു"
ഒരു നിമിഷം
നമുക്കും ധ്യാന ലീലരാകാം................
അപ്പോൾ ഹൃദയം മന്ത്രിച്ചു കൊണ്ടിരിക്കും....
ഓം ശിവായ നമഃ
ഓം രുദ്രായ നമഃ
ഓം ഗംഗാധരായ നമഃ

ഗുപ്തകാശി

-----------------------

ഒരു പുരാണകഥയാവാം , നമ്മൾ ഏറെയൊന്നും കേട്ട് പരിചയമില്ലാത്ത ഒരു കഥ.....

കുരുക്ഷേത്രയുദ്ധം കഴിഞ്ഞു....

ധർമ്മവും അധർമ്മവും തമ്മിലുള്ള മഹാസാഗരം!

യതോ ദർമ്മ സ്തതോ ജയ: - എന്നുരുവിടുന്ന ഭാരതഭൂവിൽ ധർമ്മത്തിനു വേണ്ടി പോരാടിയ പാണ്ഡവന്മാർ വിജയിച്ചു. യുദ്ധാനന്തരം കൈലാസ നാഥന്റെ അനുഗ്രഹം തേടണമെന്ന് പാണ്ഢു പുത്രന്മാർക്ക് ആഗ്രഹമുണ്ടായി.

പക്ഷേ-

നേരിയ ധർമ്മച്യുതി പോലും പൊറുക്കാനാവാത്ത ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമായ ശ്രീ പരമേശ്വരൻ തീരുമാനിച്ചത് പാണ്ഢവർക്ക് ദർശനം കൊടുക്കേണ്ട എന്നാണ്.........

ഏതു വിധത്തിലെങ്കിലും ശൈവ ദർശനം നേടണമെന്നാഗ്രഹിച്ച് പാണ്ഡവർ ഹിമാലയത്തിലെത്തി, എന്നാൽ ഭഗവാൻ വേഷ പ്രച്ഛന്നനായി ഒരു ഹിമാലയ പ്രദേശത്ത് പാണ്ഡവരിൽ നിന്നും മറഞ്ഞു നിന്നു. ഭഗവാൻ ശ്രീ പരമേശ്വരൻ ഗുപ്തനായി കഴിഞ്ഞ പ്രദേശത്തിന് ഗുപ്തകാശി എന്ന പേർ സിദ്ധിച്ചു.

തുള്ളിയോടുന്നു.....

അങ്ങ് മഞ്ഞു മൂടിയ ചൗഖംബ ഗിരിശിഖരങ്ങളുടെ ദവള ദർശനം, വഴിയരികിൽ വിടർന്നു ചിരിക്കുന്ന പൂക്കളുടെ വർണ്ണശോഭ,അതീവ സുന്ദരമാണ് ഗുപ്തകാശി.

ചന്ദ്രശേഖർ മഹാദേവക്ഷേത്രവും അർദ്ദ നാരീശ്വരക്ഷേത്രവും ഗുപ്തകാശിയെ ശിവഭൂമികയാക്കുന്നു............... വിശ്വനാഥ പ്രതിഷ്ഠയുള്ള ചന്ദ്രശേഖർ മഹാക്ഷേത്രത്തിനു തൊട്ടാണ് മണികർണ്ണികാ കുണ്ഢ്... ഗംഗോത്രിയിൽ നിന്നും യമുനോത്രിയിൽ നിന്നുമാണ് മണികർണികാ കുണ്ഢിലേക്ക് ജലമൊഴുകി എത്തുന്നത് എന്നൊരു വിശ്വാസമുണ്ട്...

ഗുപ്തകാശിയിലിപ്പോഴും ശിവ സാന്നിദ്ധ്യമുണ്ട്...

ഒരു പക്ഷേ വേഷപ്രച്ഛന്നനനായി ഇവിടെയെവിടെയെങ്കിലും അവിടുന്നുണ്ടാവും..... നാഗേന്ദ്രഹാരിയും ചന്ദ്രശേഖ മധു മഹേശ്വർ അരുവി രജത പാദസരമിട്ട് പതിച്ച് താഴ്‌വാരങ്ങളിലൂടെ രനും തുംഗജടാധരനുമായ സാക്ഷാൽ ശ്രീ പരമേശ്വരനെന്ന പിനാക പാണി...

## കേദാർനാഥ്

അശുദ്ധനെ വിശുദ്ധനും ,വിശുദ്ധനെ അതിവിശുദ്ധനുമാക്കുന്ന ധാമമാണ് കേദാർ നാഥ് . കേദാർനാഥ് ജ്യോതിർലിംഗക്ഷേത്രമാണ്. ഹിമാലയത്തിന്റെ മടിത്തട്ടിൽ വിശുദ്ധിയുടെ ഹിമധവളിമ പോലെ ഒരു മഹാതീർത്ഥാടന ധാമം, മരം കോച്ചുന്ന തണുപ്പിനിടയിലും അത്ഭുതം കൂറുന്ന മിഴികളോടെ മാത്രമെ കേദാർധാമദർശനം നമുക്ക് സാധ്യമാകൂ. ക്ഷേത്രത്തിന്റെ മേൽകൂര തീർത്തിരിക്കുന്നത് ഒരു മഹാശിലാഖണ്ഡത്തിലാണ് . അതി ശക്തനായ. ഭീമസേനാനാണത്രേ ക്ഷേത്രം നിർമ്മിക്കാനാവശ്യമായ മഹാശിലാഖണ്ഡങ്ങൾ എടുത്തുയർത്തിവച്ചത് .

ശ്രീ പരമേശ്വര നാമങ്ങൾ ചൊല്ലാനെന്നപോലെ മന്ദാകിനീ നദി ചിതറിയോടുമ്പോൾ നാമറിയാതെ കൈകൾ മുകുളങ്ങളാകും, മഹാജ്ഞാനിയായ ശ്രീ ശങ്കരാചാര്യർ ഭൗതിക ദേഹം വെടിയാൻ തിരഞ്ഞെടുത്തത് കേദാർനാഥാണെന്ന് അറിയുമ്പോഴെ ഈ പുണ്യ സ്ഥലിയുടെ പ്രസക്തി നമുക്കൂഹിക്കാനാവും.

കേദാർനാഥിൽ നിന്നുള്ള ഹിമവത്ദർശനം അനുഭവമാണ്, ഒരു ചിത്രകാരനും വരച്ചിടാനാവാത്തത്ര മനോഹരമാണ് പ്രകൃതി ഇവിടെ യാത്രികനു കാത്തുവെയ്ക്കുന്ന മനോഹര ചിത്രങ്ങൾ, കേദാർനാഥിനു സമീപം ഒരുപാട് തീർത്ഥങ്ങളുണ്ട് രത്കുണ്ഡ് , ഉദക്, ഹാൻസ് കുണ്ട് എന്നിവ ഇവയിൽ ചിലതുമാത്രം , കേദാർനാഥ് വർണ്ണന അക്ഷരങ്ങൾക്ക് അപ്രാപ്യമാണ്, സൂര്യ രശ്മികളെ നെഞ്ചിലേറ്റി ഹിമ ശൈലങ്ങൾ സ്വർണ്ണവർണ്ണവും രജതവർണ്ണവും മാറി മാറി സ്വീകരിക്കുമ്പോൾ

മന്ദാകിനി ഓംകാരം മുഴക്കുമ്പോൾ നമ്മളും മന്ത്രിക്കും ഓം.....നമഃ ശിവായ.

## ബദരീനാഥ്

മഞ്ഞ് മൂടിയ ഈ പുണ്യക്ഷേത്രം കണ്ണുകൾക്ക് മാത്രമല്ല കരളകത്തും കുളിര് പകരുന്നു സമുദ്രനിരപ്പിൽ നിന്നും 10,855 അടി ഉയരെ അളകനന്ദയുടെ വലതു ഭാഗത്ത് നര നാരായണ പർവ്വതങ്ങൾക്കിടിയിൽ നാരായണ പർവ്വതത്തിലാണ്, ബദരീനാഥ് ക്ഷേത്രം. നരനാരായണന്മാരുടെ തപശക്തികൊണ്ട് പ്രോജ്ജ്വലമാണ് ബദരിയിലെ ഓരോ പുൽകൊടികൾ പോലും, ബദരി വക്ഷത്തിന്റെ ഇലകൾ മാത്രം ഭക്ഷിച്ച് സാക്ഷാൽ ശ്രീ മഹാവിഷ്ണുവും ഇവിടെ കഠിനവൃതം അനുഷ്ഠിച്ചിട്ടുണ്ട്. തറനിരപ്പിൽ നിന്ന് 12.25 മീറ്റർ ഉയരത്തിൽ കരിങ്കല്ലുകൊണ്ട് നിർമ്മിച്ച ഈ ദിവ്യാലയത്തിൽ മനോഹരമായ കൊത്തുപണികളുണ്ട്.

വിശാലപുരി, ഋഷിക്ഷേത്രം എന്നീ പേരുകളിലും പുകൾ പെറ്റതാണ് ബദരീനാഥ ക്ഷേത്രം. ഹിമവത് സാനുവിലെ ഈ മഹാക്ഷേത്രത്തിൽ നിൽക്കുമ്പോൾ നമ്മുടെ അന്തരംഗം അഭിമാനം കൊണ്ട് തുടിക്കും, കാരണം സനാതന ഭാരതത്തിന് കേരളം സമ്മാനിച്ച ആദിശങ്കരനാണ് ഇവിടത്തെ പ്രതിഷ്ഠ നടത്തിയതും, പൂജാക്രമങ്ങൾ നിശ്ചയിച്ചതും , ശങ്കരാചാര്യൻ ബദരീനാഥവിഗ്രഹം മുങ്ങിയെടുത്ത നാരദകുണ്ഡ് ഇപ്പോഴുമിവിടെയുണ്ട്. മറ്റൊരുത്ഭുതം തപ്തകുണ്ഡാണ്, മഞ്ഞു കോച്ചുന്ന തണുപ്പിലും ചൂടുവെള്ളമൊഴുകുന്ന തപ്തകുണ്ഡ് നിങ്ങളിൽ ഭക്തിയോടൊപ്പം ആശ്ചര്യവും ഉണർത്തും.

മലയാളി ബ്രാഹ്മണരാണ് ഇവിടെ ബദരീനാഥ പൂജ ചെയ്യുന്നത്, അവർ റാവൽജിമാർ എന്നറിയപ്പെടുന്നു. ആറുമാസം ഹിമത്തിന്റെ വെൺകമ്പിളി കെട്ടിനുള്ളിലുറങ്ങുന്ന ബദരീ ദർശനം കൂടാതെ തീർത്ഥാടനം പൂർത്തി കൈവരില്ലെന്ന് മഹത്തുക്കൾ പറയുന്നു. പിന്നെയും ബദരി നിങ്ങൾക്കായി ഒരുപാടു സുന്ദരമായ കാഴ്ചകൾ ഒരുക്കിവച്ചിരിക്കുന്നു.

ബ്രഹ്മകപാൽ, അളകാപുരി,ഹിമാനി, നര നാരായണ പർവ്വതം, ചക്ര തീർത്ഥം, സ്വർഗ്ഗാരോഹണപർവ്വതം, വസു വെള്ളച്ചാട്ടം, പ്രഹ്ലാദ, ധർമ്മ, ഉർവ്വശി, ഭൃഗു, ഇന്ദിര തുടങ്ങിയ ജലധാരകൾ, അളകനന്ദ-സരസ്വതീ നദികൾ, സതോപാങ്ക് തടാകം, വ്യാസ ഗുഹ, ഗണപതി ഗുഹ, ഭീമ ശില എന്നിങ്ങനെ ഒരുപാടുകാഴ്ചകൾ, ഐതീഹ്യങ്ങൾ പൊൻ നിഴൽ തീർത്ത ഈ ദേവഭൂമിയിൽ നിന്നും മടങ്ങുമ്പോൾ മായ്ചുകളയാനാവാത്ത വിധം ബദരീനാഥിന്റെ ചിത്രമുണ്ടാകും ആലക്തിക ദീപാപ്രഭാലംകൃതമായ ആ മനോഹരചിത്രം.

## ജ്യോഷി മഠ് അഥവാ ജ്യോതിർമഠ്

-------------------------------------------

നേർത്ത സൂചിമുന കൊണ്ട് കുത്തിയാഴ്ത്തുന്ന ഹിമക്കുളിര് ,

സ്വർഗ്ഗത്തിന്റെ ഒരു ഭാഗം ഭൂമിയിൽ പതിച്ചതു പോലെ സുന്ദരമായ പ്രദേശം. ഹിമാലയത്തിന്റെ മടിത്തട്ടിലെ ജോഷി മഠിൽ നിൽക്കുമ്പോൾ നമുക്കൊരു മുഖം ഓർമ്മ വരും....

കേവലം നാലു സംവത്സരങ്ങൾക്കുള്ളിൽ ബ്രഹ്മ സൂത്രം, പന്ത്രണ്ട് ഉപനിഷത്തുകൾ, ശ്രീമദ് ഭഗവത് ഗീത, സനത്സുജാതീയം, വിഷ്ണു സഹസ്ര നാമം എന്നിവയ്ക്ക് ഭാഷ്യങ്ങൾ ചമച്ച മഹാധിഷ്ണ ശാലിയായ ലോക ഗുരുവിന്റെ മുഖം,

സാക്ഷാത് ജഗത് ഗുരു ആദി ശങ്കരന്റെ മുഖം!

ശങ്കരാചാര്യ സ്വാമികൾക്ക് ഏറെ ഇഷ്ടമുള്ള ഒരു പ്രദേശമായിരുന്നു ജ്യോഷിമഠ് ...

ജ്യോഷിമഠിൽ ആചാര്യ സ്വാമികൾ ഒരു ആശ്രമം പണിതിട്ടുണ്ട്.

സമുദ്ര നിരപ്പിൽ നിന്നും 1,890 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ചമോലി ജില്ലയിലാണ് ജ്യോഷി മഠ് എന്ന വിശിഷ്ട ഭൂമി. ആത്മീയത നിറഞ്ഞ ഇടമെന്നതിനു പുറമേ ഭാരതത്തിന്റെ യുദ്ധ തന്ത്ര പ്രധാനമായ ഇടം കൂടിയാണ് ചൈനീസ് അതിർത്തിയിൽ നിന്ന് ഏറെ ദൂരെയല്ലാതെ സ്ഥിതി ചെയ്യുന്ന ജ്യോഷി മഠ്.

ജ്യോഷിമഠിൽ നിന്നും ഔലി താഴ്വരയിലേക്കുള്ള റോപ്പ് വേ യാത്ര തീർച്ചയായും ഒരു നവ്യാനുഭൂതിയാണ്.

മഞ്ഞുകാലത്ത് ബദരീനാഥൻ തന്റെ നിത്യ പൂജ സ്വീകരിക്കുന്നത് ജ്യോഷി മഠിലാണ് .

ജ്യോഷിമഠിൽ അതി പുരാതനമായ ഒരു ദുർഗ്ഗാദേവി ക്ഷേത്രമുണ്ട്. ക്ഷേത്രത്തിലെ വസുദേവ പ്രതിമ ആചാര്യസ്വാമികൾ സ്ഥാപിച്ചതാണന്നു വിശ്വസിക്കപ്പെടുന്നു. ജ്യോഷിമഠിൽ ശങ്കരാചാര്യർ തപസനുഷ്ടിച്ച ഗുഹാമുഖത്ത് നിൽക്കുമ്പോൾ കേരളീയരായതിൽ നമുക്കഭിമാനം തോന്നും .

ശങ്കരാചാര്യ ശിഷ്യനായിരുന്ന തോടകന്റെ ധ്യാന ഗുഹ, ലളിതാംബികാ മന്ദിർ, നരസിംഹക്ഷേത്രം എന്നിവയെല്ലാം ജ്യോഷിമഠിലേക്ക് സഞ്ചാരികളെ ക്ഷണിക്കുന്ന ഘടകങ്ങളാണ്.........

## കർണ്ണപ്രയാഗ്

-----------------

കർണ്ണൻ.............

സൂര്യപുത്രനായി പിറവി കൊണ്ടെങ്കിലും ഒരു ജന്മം മുഴുവൻ സൂത പുത്രൻ എന്ന വിളിപ്പേരേറ്റു വാങ്ങിയവൻ. മഹാരഥിയായിട്ടും അർദ്ദ രഥിയായി തരം താഴ്ത്തപ്പെട്ടവൻ, ജന്മം തൊട്ടേ വിധിയുടെ ക്രൂര വിനോദങ്ങൾക്ക് കളിപ്പാട്ടമാകേണ്ടി വന്ന പാവം ജന്മം.....

കർണ്ണപ്രയാഗിന്റെ ശീതള ശാന്തിയിലും നമുക്കോർമ്മ വരിക കർണ്ണനെയാണ്...

സൂര്യ താപം പോലെ ജ്വലിക്കുന്ന വഹ്നി സമാന ഹൃദയത്തോടെ സൂത പുത്രാ വരിക്കില്ല നിന്നെ ഞാൻ എന്ന ദ്രൗപതീ വചനം കേട്ട് സ്വയംവര പന്തലിൽ നിന്നും ഭൂമിയോളം കുനിഞ്ഞ ശിരസോടെ നിഷ്കാസനം ചെയ്ത കർണ്ണനെന്ന പ്രഥമ പാണ്ഡവനെ!

ഒടുവിൽ സ്വന്തം കൂടപ്പിറപ്പിന്റെ കൈകൊണ്ടുള്ള മരണമാണ് അവസാന വിധി എന്നറിഞ്ഞിട്ടും പുഞ്ചിരിയോടെ കവച കുണ്ഡലങ്ങൾ ദാനം ചെയ്ത ദാനശീലനായ കർണ്ണനെ!

ഇത് കർണ്ണ പ്രയാഗാണ്....

സമുദ്ര നിരപ്പിൽ നിന്നും 795 മീറ്റർ ഉയരത്തിലാണ് കർണ്ണപ്രയാഗ്.

അളകനന്ദ പിണ്ടാറും ഇവിടെ കൂടിച്ചേർന്നൊഴുകുന്നു. ഇവിടെ ഒരു കൊച്ചു കർണ്ണക്ഷേത്രവും ശ്രീ കൃഷ്ണക്ഷേത്രവുമുണ്ട്.....

തമ്മിൽ തമ്മിലറിഞ്ഞ രണ്ടു മഹത്തുക്കൾ ഒടുവിൽ യുദ്ധാനന്തരം കർണ്ണന്റെ പട്ടടയ്ക്ക് തീ കൊളുത്തിയത് നീലക്കാർവർണ്ണന്റെ സ്വന്തം കൈകൾ കൊണ്ടാണ്. ഈ പ്രദേശത്തിന് സ്കന്ദ പ്രയാഗ് എന്നായിരുന്നു ആദിമ നാമം. ഈ തീരത്താണ് സൂര്യ പുത്രന്റെ ദേഹം ദേവ പുത്രനായ യാദവ പുത്രൻ അഗ്നിക്ക് നിവേദിച്ചത്.

അന്നു മുതലാണ് ഈ പ്രദേശം കർണ്ണപ്രയാഗ് എന്നറിയപ്പെടാൻ തുടങ്ങിയത്.

ഇവിടെ നിൽക്കുമ്പോൾ സൂര്യ തേജസോടെ കർണ്ണൻ മനസിലുയർന്നുവരും....

കാരണം ഇത് കർണ്ണന്റെ ഭൂമിയാണ് , കർണ്ണ ശരീരം അഗ്നിയേറ്റു വാങ്ങിയ ഭൂമി.

## സ്വർണ്ണപ്രയാഗ്

----------------------

സ്വർണ്ണ, ഗംഗ നദിയും മന്ദാകിനി നദിയും സമ്മേളിക്കുന്ന സംഗമ സ്ഥലമാണ് സ്വർണ്ണപ്രയാഗ്.

## വിഷ്ണുപ്രയാഗ്

---------------

വിഷ്ണു ഗംഗാ നദിയും അളകനന്ദനദിയും സമ്മേളിക്കുന്ന സംഗമ സ്ഥലമാണ് വിഷ്ണു പ്രയാഗ്

## വസിഷ്ടഗുഹ

------------------

ഹൃഷികേശിൽ നിന്നും ഏതാണ്ട് 24 കിലോമീറ്റർ ദേവപ്രയാഗിലേക്കുള്ള വഴി യാത്ര ചെയ്യുമ്പോൾ വലതു ഭാഗത്ത് ഗംഗാ നദിയുടെ കരയിലായുള്ള റോഡിൽ നിന്നും ഇറങ്ങിച്ചെന്ന് ദർശനം നടത്താവുന്ന ഒരു വലിയ ഗുഹയാണ് വസിഷ്ടഗുഹ. വസിഷ്ട മുനിയുടെ തപസ്ഥലം എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു. കാലങ്ങളായി പല അത്ഭുത കാര്യങ്ങൾക്കും സാക്ഷ്യം വഹിച്ച സ്ഥലമാണ് വസിഷ്ട ഗുഹ. ഇപ്പോൾ വസിഷ്ട ഗുഹയിൽ മലയാളിയായ ഒരു സന്യാസിയാണ് അധിപനായിരിക്കുന്നത്.

## Kilo Meeter And Timing Chart

| From | Destination | KM | Running Time |
|---|---|---|---|
| Cochin | Allahabad | 1823 | 51 hrs |
| Allahabad | Local sight seeing | 50 | |
| Allahabad | Varanasi | 125 | 2.30 |
| Varanasi | Local sight seeing | 100 | |
| Varanasi | Gaya-Budhgaya | 260 | 5 hrs |
| Gaya-Budhgaya | Local sight seeing | 100 | |
| Gaya-Budhgaya | Delhi by train | 990 | 15 hrs |
| Delhi | Haridwar | 215 | 5 hrs |
| Haridwar | Local sight seeing | 100 | |
| Haridwar | Gupthakashi | 210 | 5.30 hrs |
| Gupthakashi | Gourikund | 30 | 50 mnts |
| Gourikund | Ketharnath | 10 | 20 mnts |
| Ketharnath | Gupthakashi | 24 | 40 mnts |
| Gupthakashi | Badrinath | 210 | 4.30 hrs |
| Badrinath | Local sight seeing | 50 | |
| Badrinath | joshimath | 50 | 1.30 hrs |
| joshimath | Local sight seeing | 15 | |
| joshimath | Rudraprayag | 120 | 2.15 hrs |
| Rudraprayag | Delhi | 385 | 8.30 hrs |
| Delhi | Cochin by train | 2100 | 24 hrs |
| Total:- | | **6967** | |

**Photo: Kashi,Gaya-Budhgaya,Delhi, Haridwar,Rishikeszh,** VASHISHTA GUHA – DEV PRAYAG – GAURIKUND – SWARNA PRAYAG – GUPT KASHI – SREE KEDARNATH – JOSHI MATH – SREEBADRINATH – VYASA GUHA – GANESH GUHA.